പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

23.7.2015 ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 485

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പരിഷ്കരണം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി ;<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ ;<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് ;<br>ശ്രീ. പി. ഉബൈദുള്ള ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം കണക്കിലെടുത്തുള്ള പരിഷ്കരണ നടപടികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യ നടപ്പിലാക്കൽ, ഉദ്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപണന മേഖലയുടെ വിപുലീകരണം, ഓൺലൈൻ വ്യാപാരം എന്നീ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇ-പേയ്മെന്റ് സംവിധാനത്തോടുകൂടിയ ഇ-പ്രൊക്യുർമെന്റ്, ഇ-ഗവേണൻസിന്റെ ഭാഗമായി ഇ.ആർ.പി. സംവിധാനം എന്നീ നടപടികളും സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചുവരുന്നു. |
| ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഈ സർക്കാർ നിലവിൽ വന്നശേഷം പഠനം നടത്തിയിട്ടുണ്ടോ ; | ബി) പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം |

ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ/ഹ്രസ്വകാല പദ്ധതികൾക്കായി ഇതുവരെ 718.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വിപണന ചെലവുകൾ ഉൾപ്പെടെയുള്ളവയുടെ വർദ്ധനവ്, പലിശയിനത്തിലുള്ള വർദ്ധനവുകൾ, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമാകുന്ന കാരണങ്ങളാണ്. ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉത്പാദനച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിന്റെ അപര്യാപ്തതയും പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണമായിട്ടുണ്ട്.

സി) ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ പ്രവർത്തന മികവ് നേരിൽ മനസ്സിലാക്കാൻ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും മിഡിൽ ലെവൽ എക്സിക്യൂട്ടീവുകൾക്കും അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ ?

സി) ഈ നിർദ്ദേശം സർക്കാർ പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ